LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ മോഡൽ പൈലറ്റ് പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ 6 കടകളിൽ എ.പി.എൽ. (എസ്എസ്.) സബ്സിഡി നേരിട്ട് നൽകുന്നതിനായി പ്രീ-പൈലറ്റ് പദ്ധതി നടപ്പാക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി 6 റേഷൻ കടകളിൽ ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുകയും ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു. ഈ കടകളിലെല്ലാം തറ ടൈൽ പാകി വൃത്തിയാക്കുകയും ഇലക്ട്രിക്കൽ വയറിംഗ് നടത്തുകയും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുകയും ചെയ്തു. റേഷൻ സാധനങ്ങൾ സപ്ലൈകോ നേരിട്ട് കടകളിൽ ലഭ്യമാക്കുകയും ചെയ്തു. ഗുണഭോക്താക്കളെ ആധാർ മുഖേന തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ആധാർ എല്ലാ കാർഡുടമകൾക്കും ലഭ്യമാകാതിരുന്നതും ലഭ്യമായ കാർഡുടമകളുടെ തന്നെ ബയോമെട്രിക് ആതന്റിക്കേഷൻ നടത്തുന്നതിന് ചില തടസ്സങ്ങൾ നേരിടുകയുണ്ടായി.

(ബി) പൂർണ്ണ തോതിൽ നടപ്പാക്കുമ്പോൾ ഓരോ ഗുണഭോക്താവിനെയും തിരിച്ചറിഞ്ഞ് അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും തിരിമറി പൂർണ്ണമായും തടയുവാനും സാധിക്കും. റേഷൻ കടകളിൽ ഡോർ ഡെലിവറി മുഖേന റേഷൻ സാധനങ്ങൾ എത്തിക്കും. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥതലത്തിലും പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാകത്തക്കവിധം ട്രാൻസ്പരൻസി പോർട്ടൽ സജ്ജമാകും. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുവാനും പരാതിയുടെ തത്സ്ഥിതി നിരീക്ഷിക്കാനും യഥാസമയം സാധിക്കത്തക്ക വിധം ഒരു സുതാര്യമായ പരാതി പരിഹാര സംവിധാനം നിലവിൽ വരും. ഇപ്രകാരം ഓരോ കണ്ണിയും പരസ്പരം യോജിപ്പിച്ചുകൊണ്ട് സുതാര്യമായ ഒരു പൊതുവിതരണ സംവിധാനം നിലവിൽ വരും.

(സി) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് പദ്ധതി ഉടനെ തുടങ്ങുന്നതാണ്.

നെല്ല് സംഭരണം

258 (1315) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽ കർഷകരിൽ നിന്നും നെല്ല് സംഭരണത്തിന് എന്തെല്ലാം നടപടികളാണ് ഈ വർഷം സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഈ വർഷം നാളിതുവരെ കർഷകരിൽനിന്നും എത്ര ടൺ നെല്ലാണ് സംഭരിച്ചത് എന്ന് അറിയിക്കാമോ;

(സി) സംഭരണ തുകയായി കർഷകർക്ക് എത്ര കോടി രൂപ നൽകി എന്നും ഇനി കുടിശ്ശിക നൽകാനുണ്ടെങ്കിൽ ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കാമോ;

(ഡി) കുടിശ്ശിക ഒഴിവാക്കി സംഭരണ ഇക കർഷകർക്ക് നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സപ്ലൈകോയുമായി രജിസ്റ്റർ ചെയ്ത കർഷകരുടെ നെല്ല് കൊയ്ത് കഴിഞ്ഞ് ഉടനെ കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഗുണമേന്മയുള്ളതാണെന്ന് ഉറപ്പുവരുത്തി സംഭരിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 2013-14 സീസൺ മുതൽ നെല്ല് സംഭരണ രജിസ്ട്രേഷൻ ഓൺലൈനായി നടപ്പിലാക്കി. നെല്ല് സംഭരണത്തിനാവശ്യമായ മില്ലുകൾ സംഭരണം തുടങ്ങുന്നതിന് വളരെ മുമ്പായിത്തന്നെ കരാറിൽ ഏർപ്പെടുന്നുണ്ട്. നെല്ല് സംഭരണത്തിനായി പാഡി ഓഫീസർമാർക്ക് വിവിധ ജില്ലകളിലായി ചുമതല നൽകിയിട്ടുണ്ട്. അവരുടെ കീഴിൽ പാഡി അസിസ്റ്റന്റുമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. സംഭരണം നടക്കുന്ന കാലയളവിൽ അവധി ദിവസങ്ങൾ ഉൾപ്പെടെയുള്ള ദിവസങ്ങളിൽ പാഡി മാർക്കറ്റിംഗ് ഓഫീസർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കർഷകരുടെ എല്ലാവിധ സംശയനിവാരണത്തിനും വേണ്ടി സപ്ലൈകോ ഹെഡ് ഓഫീസിൽ ഒരു കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. സംഭരണത്തിൽ നേരിടാവുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനായി ജില്ലാ ഭരണകൂടവുമായി ഒരു ഏകോപനം നടത്തി ആവശ്യത്തിനുള്ള ലോറികൾ, വള്ളങ്ങൾ, തൊഴിലാളികൾ, തൊഴിൽ പ്രശ്ന പരിഹാരം, ഗുണമേന്മ സംബന്ധിച്ചുള്ള തർക്ക പരിഹാരം എന്നിവയ്ക്കുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2014-15 സീസൺ മുതൽ കർഷകർക്ക് നെല്ല് സംഭരിക്കുമ്പോൾത്തന്നെ ഇലക്ട്രോണിക് പാഡി റസീറ്റ് ഷീറ്റ് (e-PRS) നൽകുന്ന സമ്പ്രദായം ആവിഷ്കരിച്ചു.

(ബി) ഈ സീസണിൽ (2014-15 ഒന്നാം സീസണിൽ) നാളിതുവരെ (1-12-2014) കർഷകരിൽനിന്നും 1.28 ലക്ഷം മെ.ടൺ നെല്ല് സപ്ലൈകോ സംഭരിച്ചു.

(സി) സംഭരണ ഇകയായി കർഷകർക്ക് നൽകുവാനുള്ള 243.56 കോടി രൂപയിൽ ഇതുവരെ 190.72 കോടി രൂപ നൽകിക്കഴിഞ്ഞു. കർഷകർക്ക് നൽകാനുള്ള ഇകയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	ജില്ല	ഇക (കോടിയിൽ)
1	ആലപ്പുഴ	26.63
2	കോട്ടയം	10.75
3	പാലക്കാട്	15.46
	ആകെ	52.84

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നെല്ല് സംഭരിച്ച ഉടൻതന്നെ കർഷകർക്ക് നെൽവില ലഭിക്കുന്നതിനായി സപ്ലൈകോ പൊതുമേഖലാ/സഹകരണ ബാങ്കുകളുമായി ധാരണാ പത്രം ഉണ്ടാക്കുകയും അതുപ്രകാരം നെല്ലിന്റെ വില സപ്ലൈകോയുടെ നിർദ്ദേശ പ്രകാരം കർഷകരുടെ അക്കൗണ്ടിലേക്ക് നൽകിവരുന്നു. ഇപ്രകാരം നൽകുന്ന പണത്തിന് ബാങ്കുകൾക്കുള്ള പലിശ വഹിക്കുന്നത് സപ്ലൈകോയാണ്. കൂടാതെ ബാങ്കുകളിൽനിന്നും ഓവർഡ്രാഫ്റ്റ് എടുത്തും കർഷകരുടെ നെൽവില നൽകിവരുന്നു. സംസ്ഥാന സർക്കാരിൽനിന്നും നെല്ല് സംഭരണത്തിന്റെ ഭാഗമായി സപ്ലൈകോയ്ക്ക് 150.93 കോടി രൂപ നൽകാനുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ തുക സപ്ലൈകോയ്ക്ക് നൽകുന്നതാണ്.

നെല്ല് സംഭരണം

259 (1316) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ സംഭരണം യഥാസമയം നടത്തുന്നതിന് സപ്ലൈകോയ്ക്ക് കഴിയുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിന്മേൽ പരിഹാര നടപടി സ്വീകരിക്കുമോ ;

(സി) സംഭരിച്ച നെല്ലിന്റെ വില സമയബന്ധിതമായി കർഷകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) വിളവെടുപ്പുമായി ബന്ധപ്പെട്ട നടപടികൾക്ക് കാലവിളംബം നേരിടുന്നതു കൊണ്ട് വിളനാശവും കർഷകർക്ക് സാമ്പത്തിക ഭാരവും ഉണ്ടാകുന്നതിനാൽ ഭാവിയിൽ മുൻകൂട്ടി നിശ്ചയിച്ച പരിപാടികളുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായി നെല്ല് സംഭരണത്തിനും വിലനൽകുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2014-15 ഒന്നാം സീസൺ സെപ്റ്റംബറിൽ ആരംഭിച്ചു. നാളിതുവരെ 1.28 മെ.ടൺ നെല്ല് സംഭരിക്കുകയും ചെയ്തു.

(ബി) ബാധകമല്ല.

(സി) നെല്ലുസംഭരിച്ച ശേഷം കർഷകർക്ക് നെൽവില നൽകുന്നതിനായി സംസ്ഥാന കേന്ദ്രസർക്കാരുകളുടെ സബ്സിഡിക്ക് പുറമേ സപ്ലൈകോ കാനറ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ എന്നീ പൊതുമേഖലാ ബാങ്കുകളും പാലക്കാട്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളുമായി ധാരണാപത്രം ഉണ്ടാക്കുകയും അത് പ്രകാരം നെല്ലിന്റെ വില സപ്ലൈകോയുടെ നിർദ്ദേശപ്രകാരം കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകിവരുന്നു. ഇപ്രകാരം നൽകുന്ന പണത്തിന് ബാങ്കുകൾക്കുള്ള പലിശ വഹിക്കുന്നത് സപ്ലൈകോയാണ്. കൂടാതെ ബാങ്കുകളിൽനിന്നും ഓവർഡ്രാഫ്റ്റ് എടുത്തും കർഷകരുടെ നെൽ വില നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly